**15 -ാം കേരള നിയമസഭ**

**16 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 636** **28-01-2026 - ൽ മറുപടിയ്ക്ക്**

**ബയോ കണക്ട് കോൺക്ലേവ് 3.0**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ ജി എസ് ജയലാൽ ,<br>ശ്രീ. വി. ആർ. സുനിൽകുമാർ,<br>ശ്രീ . മുഹമ്മദ് മുഹസിൻ,<br>ശ്രീ. സി.സി. മുകുന്ദൻ | | ശ്രീ. പി. രാജീവ്<br>(നിയമം, വ്യവസായം, കയർ വകുപ്പ് മന്ത്രി) | |
| (എ) | നിലവിലെ സർക്കാർ സംഘടിപ്പിച്ച കോൺക്ലേവുകളും വ്യവസായ സംഗമങ്ങളും സംസ്ഥാനത്തിന്റെ വ്യവസായ പുരോഗതിക്ക് എത്രത്തോളം സഹായകരമായിട്ടുണ്ടെന്നത് വിലയിരുത്തിയിട്ടുണ്ടോ; വിശദമാക്കാമോ; | (എ) | ഉണ്ട്. ജീവശാസ്ത്രം, ബയോടെക്നോളജി, ആരോഗ്യപരിചരണം എന്നീ മേഖലകളിൽ കേരളത്തെ ഒരു മുൻനിര കേന്ദ്രമായി ഉയർത്തുന്നതിൽ സർക്കാർ സംഘടിപ്പിച്ച ഇൻവെസ്റ്റ് കേരള, ബയോ കണക്ട് പോലുള്ള കോൺക്ലേവുകളും വ്യവസായ സംഗമങ്ങളും പ്രധാന പങ്ക് വഹിക്കുന്നുണ്ട്. ആഗോള വ്യവസായ നേതാക്കളെയും നിക്ഷേപകരെയും നയരൂപകരെയും സ്റ്റാർട്ടപ്പുകളെയും ഗവേഷണ സ്ഥാപനങ്ങളെയും ഒരേ വേദിയിൽ ഒന്നിപ്പിക്കുന്ന ഈ പരിപാടി വിജ്ഞാനവിനിമയത്തിനും സാങ്കേതിക കൈമാറ്റത്തിനും വ്യവസായ–അക്കാദമിക് സഹകരണത്തിനും വഴിയൊരുക്കുന്നു. കേരളത്തിന്റെ ആധുനിക അടിസ്ഥാനസൗകര്യങ്ങളും പ്രഗത്ഭമായ മാനവശേഷിയും അനുകൂല നയാന്തരീക്ഷവും ആഗോളതലത്തിൽ അവതരിപ്പിക്കുന്നതിലൂടെ നിക്ഷേപകരുടെ ആത്മവിശ്വാസം വർധിപ്പിക്കുകയും, നവീകരണാധിഷ്ഠിത സംരംഭങ്ങളുടെ വളർച്ചയ്ക്കും ഗവേഷണഫലങ്ങളുടെ വാണിജ്യവത്കരണത്തിനും ഊർജ്ജം നൽകുകയും ചെയ്യുന്നു.<br><br>സാമ്പത്തികമായി, നിക്ഷേപങ്ങൾ ആകർഷിക്കുന്നതിലൂടെയും പുതിയ വ്യവസായ പദ്ധതികൾക്ക് വഴി തുറക്കുന്നതിലൂടെയും ഉയർന്ന നിലവാരമുള്ള തൊഴിലവസരങ്ങൾ സൃഷ്ടിക്കപ്പെടുകയും, കയറ്റുമതി വർധിക്കുകയും, സംസ്ഥാനത്തിന്റെ ജിഎസ്ഡിപിയിലേക്കുള്ള ബയോടെക്നോളജിയുടെ സംഭാവന ശക്തിപ്പെടുകയും ചെയ്യുന്നു. ഇതുവഴി കേരളത്തിൽ ഒരു സുസ്ഥിരവും നവീകരണാധിഷ്ഠിതവുമായ സമ്പദ്‌വ്യവസ്ഥ |

| | | | |
|---|---|---|---|
| | | | രൂപപ്പെടുന്നതിൽ കോൺക്ലേവുകളും വ്യവസായ സംഗമങ്ങളും നിർണായക പങ്ക് വഹിക്കുന്നു. |
| (ബി) | ലൈഫ് സയൻസസ് മേഖലയിൽ സംഘടിപ്പിച്ച ബയോ കണക്ടിന്റെ ആദ്യ രണ്ട് എഡിഷനുകൾക്ക ശേഷം തോന്നയ്ക്കൽ ലൈഫ് സയൻസസ് പാർക്കിൽ 180 കോടിയോളം രൂപയുടെ നിക്ഷേപവും ആയിരത്തോളം തൊഴിലവസരങ്ങളും സൃഷ്ടിക്കപ്പെട്ടിട്ടുണ്ടോ; വിശദമാക്കാമോ; | (ബി) | ലൈഫ് സയൻസസ് മേഖലയിൽ സംഘടിപ്പിച്ച ബയോ കണക്റ്റിന്റെ ആദ്യ എഡിഷനുകൾക്കു ശേഷം തോന്നയ്ക്കൽ ലൈഫ് സയൻസസ് പാർക്കിൽ ഏകദേശം ₹180 കോടി രൂപയുടെ നിക്ഷേപവും ഇതിലൂടെ അടുത്ത കാലയളവിൽ ഏകദേശം 1,000 തൊഴിലവസരങ്ങൾ സൃഷ്ടിക്കപ്പെടുമെന്ന് കണക്കാക്കുന്നു. |
| (സി) | ലൈഫ് സയൻസസ് മേഖലയിൽ ബയോ കണക്ട് അന്താരാഷ്ട്ര കോൺക്ലേവ് മൂന്നാം എഡിഷൻ സംഘടിപ്പിച്ചിട്ടുണ്ടോ; കോൺക്ലേവിൽ രോഗനിർണയ സംവിധാനങ്ങളുമായി ബന്ധപ്പെട്ട സുപ്രധാന മേഖലകളിൽ നിക്ഷേപത്തിന് താത്പര്യപത്രം ലഭിച്ചിട്ടുണ്ടോ; വ്യക്തമാക്കാമോ; | (സി) | ഉണ്ട്. 2025 ഒക്ടോബർ 9-10 തീയതികളിൽ കോവളത്ത് സംഘടിപ്പിച്ച ബയോ കണക്റ്റിന്റെ മൂന്നാം പതിപ്പിൽ ലൈഫ് സയൻസസ് മേഖലകളിലെ ഏഴോളം വ്യവസായ സംരംഭകരിൽ നിന്നും താത്പര്യപത്രം ലഭിച്ചിട്ടുണ്ട്. |
| (ഡി) | ബയോ കണക്ട് അന്താരാഷ്ട്ര കോൺക്ലേവിൽ ജീവശാസ്ത്രരംഗത്തെ വിദ്യാർത്ഥികൾക്കും ഗവേഷകർക്കും നൂതനാശയങ്ങൾ സാക്ഷാത്കരിക്കാൻ സജ്ജീകരിക്കുന്ന 'ക്ലിപ് ഡിഎൻഎ ഇൻക്യുബേഷൻ സെന്റർ' സംബന്ധിച്ച പ്രഖ്യാപനം നടന്നിട്ടുണ്ടോ; വിശദമാക്കാമോ? | (ഡി) | ഉണ്ട്. സംസ്ഥാനത്തെ ലൈഫ് സയൻസസ് മേഖലയെ ശക്തിപ്പെടുത്തുന്നതിനായി, കേരള ലൈഫ് സയൻസസ് ഇൻഡസ്ട്രീസ് പാർക്ക് പ്രൈവറ്റ് ലിമിറ്റഡ് (KLIP), കെ.എൽ.ഐ.പി ഡിഎൻഎ (Develop, Network and Accelerate) സെന്ററുകൾ സ്ഥാപിക്കുന്നതിന് നിർദ്ദേശം മുന്നോട്ടുവച്ചിട്ടുണ്ട്. ലൈഫ് സയൻസസ് മേഖലയിൽ സംരംഭകരെയും സ്റ്റാർട്ടപ്പുകളെയും പിന്തുണയ്ക്കുക, ഗവേഷണഫലങ്ങളെ വാണിജ്യപരമായി പ്രയോജനപ്പെടുത്താവുന്ന സാങ്കേതികവിദ്യകളാക്കി മാറ്റുക, വ്യവസായ–അക്കാദമിക സഹകരണം ശക്തിപ്പെടുത്തുക എന്നിവയാണ് ഈ സെന്ററുകളുടെ പ്രധാന ലക്ഷ്യങ്ങൾ. കൂടാതെ, ബയോടെക്നോളജി, ബയോമെഡിക്കൽ ഗവേഷണം, മെഡിക്കൽ ഉപകരണങ്ങൾ, ബയോ-ഫാർമസ്യൂട്ടിക്കൽസ് തുടങ്ങിയ മേഖലകളിൽ നൈപുണ്യ വികസനം, ശേഷിവർധനം, നെറ്റ്‌വർക്കിംഗ്, സാങ്കേതിക കൈമാറ്റം എന്നിവയ്ക്കും ഈ കേന്ദ്രങ്ങൾ പ്രാധാന്യം നൽകും.<br><br>ഈ പദ്ധതിയുടെ ഭാഗമായി, മഹാത്മാ ഗാന്ധി സർവകലാശാല (MGU), കോട്ടയം, കൂടാതെ ഇന്റർ യൂണിവേഴ്സിറ്റി സെന്റർ ഫോർ ബയോമെഡിക്കൽ റിസർച്ച് ആൻഡ് സൂപ്പർ സ്പെഷ്യാലിറ്റി ഹോസ്പിറ്റൽ (IUCBR), കോട്ടയം എന്നിവരുമായി സഹകരിച്ച് കെഎൽഐപി ഡിഎൻഎ സെന്ററുകൾ സ്ഥാപിക്കുന്നതിനായി കേരള ലൈഫ് സയൻസസ് ഇൻഡസ്ട്രീസ് പാർക്ക്, 2025 ഒക്ടോബർ 9-10 തീയതികളിൽ കോവളത്ത് സംഘടിപ്പിച്ച ബയോ |

| | | | |
|---|---|---|---|
| | | | കണക്കിന്റെ മൂന്നാം പതിപ്പിൽ ധാരണാപത്രങ്ങളിൽ ഏർപ്പെട്ടിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ